# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018 – ഉജ്ജീവന വായ്പാ പദ്ധതി - ആലപ്പുഴ ജില്ലയിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിൻമേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കുകൾക്ക് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (ആർ.ടി.) നമ്പർ : **272/2022/റവ.** തിരുവനന്തപുരം, തീയതി, 17.01.2022.

==================================================

പരാമർശം:-
1. സ.ഉ. (കൈ) നം. 27/2018/ദു.നി.വ., തീയതി, 17.12.2018.
2. സ.ഉ. (കൈ) നം. 04/2019/ദു.നി.വ., തീയതി, 22.02.2019.
3. സൗത്ത് ഇൻഡ്യൻ ബാങ്ക് (ക്രഡിറ്റ് ഡിപ്പാർട്ട്മെന്റ്) ഹെഡ് ഓഫീസിന്റെ 28.09.2021-ലെ CD(CS)/Gov/9c /21-22 നമ്പർ കത്ത്.

## ഉത്തരവ്

2018-ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി. മാർജിൻ മണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതി'യിൽ വിഭാവനം ചെയ്തിട്ടുണ്ട്.

2. അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ ജില്ലയിലെ കർഷകർക്ക് അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണി വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ താഴെപറയുന്ന 6 കർഷകർക്ക്/സംരഭകർക്ക് അനുവദിച്ച വായ്പയിൻമേലുള്ള മാർജിൻമണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ക്രമ നമ്പർ | കർഷകന്റെ/ സംരംഭകന്റെ/ സ്ഥാപനത്തിന്റെ പേര്/ വിഭാഗം | ബന്ധപ്പെട്ട വകുപ്പിന്റെ ശുപാർശ സംബന്ധിച്ച വിവരങ്ങൾ | ടേംലോൺ/പ്രവർത്തന മൂലധനം ആയി അനുവദിച്ച ബാങ്ക്, ബ്രാഞ്ച് | ടേംലോൺ/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനവദിക്കുന്ന മാർജിൻ മണി (രൂപയിൽ) | മാർജിൻ മണി ക്രെഡിറ്റ് ചെയ്യേണ്ട ബാങ്ക് ബ്രാഞ്ച്/ IFSC കോഡ്/ അക്കൗണ്ട് നമ്പർ |
| 1 | രഞ്ജിഷ. കെ.വി., ശ്രീദുർഗ്ഗ ഏജൻസീസ് | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, | സൗത്ത് ഇൻഡ്യൻ ബാങ്ക്, കരുവാറ്റ | 2,00,000/- | 50,000/- | |

| | | | | | | |
|---|---|---|---|---|---|---|
| | | കാർത്തികപ്പള്ളിയുടെ 14.08.2019-ലെ E/32/19 നമ്പർ കത്ത്. | | | | |
| 2 | ബിനു.എം. ജോൺസൻ, പ്രകാശ് വെസ്സൽ പാലസ് | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, കുട്ടനാടിന്റെ 26.03.2019-ലെ B/373/18 നമ്പർ കത്ത്. | സൗത്ത് ഇൻഡ്യൻ ബാങ്ക്, എടത്വ | 3,00,000/- | 75,000/- | |
| 3 | പി.കെ. പൊന്നച്ചൻ, പഴങ്ങേരിൽ ഹോളോബ്രിക്സ് | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, കുട്ടനാടിന്റെ 30.03.19-ലെ B/373/18 നമ്പർ കത്ത്. | സൗത്ത് ഇൻഡ്യൻ ബാങ്ക്, എടത്വ | 3,00,000/- | 75,000/- | |
| 4 | ക്രിസ്റ്റിന ജോർജ്ജ്, പൈലറ്റ് പ്രിന്റേഴ്സ് & ഡിജിറ്റൽസ് | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, കുട്ടനാടിന്റെ 30.03.19-ലെ B/373/18 നമ്പർ കത്ത്. | സൗത്ത് ഇൻഡ്യൻ ബാങ്ക്, എടത്വ | 75,000/- | 18,750/- | |
| 5 | തോമസ് വർക്കി, കളങ്ങര പെയിന്റ് ഹൗസ് | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, കുട്ടനാടിന്റെ 30.03.19-ലെ B/373/18 നമ്പർ കത്ത്. | സൗത്ത് ഇൻഡ്യൻ ബാങ്ക്, എടത്വ | 10,00,000/- | 2,00,000/- | |
| 6 | ജൂനി തോമസ്, താര ഓഫ് സെറ്റ് | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, ചെങ്ങന്നൂരിന്റെ 30.03.19-ലെ A/545/18/ME-35 നമ്പർ കത്ത്. | സൗത്ത് ഇൻഡ്യൻ ബാങ്ക്, ചെങ്ങന്നൂർ | 6,00,000/- | 1,50,000/- | |
| | | | | **ആകെ** | 5,68,750/- | |

4. മേൽ പറഞ്ഞ പ്രകാരം മാർജിൻ മണി ഇനത്തിൽ വിതരണത്തിനാവശ്യമായ തുകയായ **5,68,750/-/-** രൂപ (അഞ്ച് ലക്ഷത്തി അറുപത്തെണ്ണായിരത്തി എഴുനൂറ്റമ്പത് രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിക്കുന്നതാണ്.

5. ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻ മണി ഇനത്തിൽ ഖണ്ഡിക 3-ലെ പട്ടികയിലെ 5-ാം കോളത്തിൽ പറയുന്ന തുക, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ജില്ലാകളക്ടർ പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും ശേഷം തുക ക്രഡിറ്റ്ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാകളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതാണ്.

6. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പാപദ്ധതി പ്രകാരം മാർജിൻമണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതും ടിയിനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല. എം.,
ഡെപ്യൂട്ടി സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

കൺവീനർ, സംസ്ഥാനതല ബാങ്കേഴ്സ് സമിതി, കാനറ ബാങ്ക്, കാനറബാങ്ക് ബിൽഡിംഗ്,
തിരുവനന്തപുരം - 695 001.

മാനേജർ, സൗത്ത് ഇൻഡ്യൻ ബാങ്ക് ഹെഡ് ഓഫീസ്, എസ്.ഐ.ബി. ഹൗസ്,
ടി.ബി. റോഡ്, തൃശ്ശൂർ – 680 001.

മാനേജർ, സൗത്ത് ഇൻഡ്യൻ ബാങ്ക്, കറ്റുവാറ്റ ബ്രാഞ്ച്
മാനേജർ, സൗത്ത് ഇൻഡ്യൻ ബാങ്ക്, എടത്വ
മാനേജർ, സൗത്ത് ഇൻഡ്യൻ ബാങ്ക്, ചെങ്ങന്നൂർ

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.